ഫ്രാൻസിസ് എന്നിവരാണ് അറസ്റ്റ് ചെയ്യപ്പെട്ട പ്രതികൾ, ക്രൈംബ്രാഞ്ച് അന്വേഷണം തുടർന്നുവരുന്നു.

(ഡി) അറസ്റ്റ് ചെയ്ത 8 പ്രതികളെയും കോടതിയിൽ ഹാജരാക്കി കോടതിയിൽനിന്നും റിമാന്റ് ചെയ്തു. ഇപ്പോൾ ആലപ്പുഴ സബ്ജയിലിൽ കഴിയുന്നു.

(ഇ) ആലപ്പുഴ ക്രൈംബ്രാഞ്ച് ഡി.വൈ.എസ്.പി ആണ് ഇപ്പോൾ കേസ്സന്വേഷണം നടത്തിവരുന്നത്, 29/05/2000-ലെ പോലീസ് ഹെഡ് ക്വാർട്ടേഴ്സ് ഉത്തരവ് നമ്പർ ഡി14-38698/2000 പ്രകാരമാണ്; ഊർജ്ജിതമായ അന്വേഷണത്തിനായി ക്രൈംബ്രാഞ്ചിന് കൈമാറിയത്. 17/06/2000 മുതൽക്കാണ് കേസ്സ് ക്രൈംബ്രാഞ്ച് അന്വേഷണം തുടങ്ങിയത്.

(എഫ്) ഉണ്ട്.

(ജി) പരാതി ക്രൈംബ്രാഞ്ച് അന്വേഷണത്തിലാണ്.

(എച്ച്) യുവാക്കളുടെ ആശ്രിതർക്ക് ആർക്കും തന്നെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായം അനുവദിച്ചിട്ടില്ല.

(ഐ) ഈ കേസ്സിന്റെ അന്വേഷണം ക്രൈംബ്രാഞ്ച് വിഭാഗം ഊർജ്ജിതമായി നടത്തിവരുന്നു.

പോലീസിന്റെ സർവ്വീസ് റിവോൾവർ ഉപയോഗിച്ച് നടത്തിയ കൊലപാതകം

73 (729)ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസിന്റെ സർവ്വീസ് റിവോൾവർ ഉപയോഗിച്ച് എത്ര കൊലപാതകം നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) മലപ്പുറം ദ്രുതകർമ്മസേനപോലീസ് സൂപ്രണ്ടിന്റെ ഗൺമാൻ ഉപയോഗിച്ചിരുന്ന റിവോൾവറിൽനിന്ന് വെടിയേറ്റ് ഈ കാലയളവിൽ ആരെങ്കിലും മരണപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആയതിന്റെ വിശദവിവരം വെളിപ്പെടുത്തുമോ;

(ഡി) ഈ കൊലപാതകം സംബന്ധിച്ച് ആരുടെയെങ്കിലും പേരിൽ കേസ്സെടുത്തിട്ടുണ്ടോ;

(ഇ) ഏതെല്ലാം വകുപ്പുകൾ അനുസരിച്ചാണ് കേസ്സെടുത്തിട്ടുള്ളതെന്നും ക്രൈംനമ്പർ എത്രയാണെന്നും വ്യക്തമാക്കുമോ;

(എഫ്) ഈ കേസ്സുമായി ബന്ധപ്പെട്ട് എത്രപേരെ അറസ്റ്റുചെയ്തിട്ടുണ്ട്, അറസ്റ്റുചെയ്തവരുടെ പേരും പദവിയും വെളിപ്പെടുത്തുമോ;

(ജി) പോലീസിന്റെ സർവ്വീസ് റിവോൾവർ ഉപയോഗിച്ച് മരണപ്പെട്ട വ്യക്തിയുടെ കുടുംബത്തിന് എന്തെങ്കിലും സാമ്പത്തികസഹായം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം സഹായം നൽകി; ഇല്ലെങ്കിൽ കാരണമെന്ത്?

ഉത്തരം

1180/2010.

LIBRARY ARCHIVES Kerala Legislative Assembly

(എ)-(എഫ്) റെയിനോൾഡ് ജി.ഫെർണാണ്ടസ് എന്നയാൾ ചെറുതുരുത്തിനാദം വീഡിയോസ് എന്ന സ്ഥാപനത്തിന്റെ ഉടമ തോമസിനെ വെടിവച്ചു കൊലപ്പെടുത്തുകയും സ്വയം വെടിവെച്ച് ആത്മഹത്യയ്ക്ക് ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. റെയിനോൾഡ് ബി. ഫെർണാണ്ടസ് എന്നയാൾ പാണ്ടിക്കാട് എസ്.ആർ.എ.എപ് കമാന്റിന്റെ വി.എസ്.ഒ ആയി ജോലി നോക്കിയിരുന്ന ഒരു കോൺസ്റ്റബിളായിരുന്നു. ഈ കൊലപാതകത്തിന് അദ്ദേഹത്തിന്റെ ഒദ്യോഗിക ചുമതലയുമായി യാതൊരു ബന്ധവുമില്ല. സംഭവത്തോടനുബന്ധിച്ച് ചെറുതുരുത്തി പോലീസ് സ്റ്റേഷനിൽ ക്രൈം 731 വരെ നമ്പരായി കേസ്സ് രജിസ്റ്റർ ചെയ്ത് കേസ്സിലെ പ്രതിയായ റെയിനോൾഡിനെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. തൃശ്ശൂർ ഡി.ഐ.ജി.യുടെ നേതൃത്വത്തിൽ കേസ്സന്വേഷണം നടന്നുവരുകയാണ്.

(ജി) പരാതി പരിശോധിച്ചു വരുന്നു.

എസ്.ബി. കോളേജ് വിദ്യാർത്ഥികളെ മർദ്ദിച്ച സംഭവം

74 (730)ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.ജി. യൂണിവേഴ്സിറ്റി യുവജനോത്സവത്തിന് പങ്കെടുക്കുവാൻ എത്തിയ എസ്.ബി. കോളേജ് വിദ്യാർത്ഥികളെ മർദ്ദിച്ചതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പരാതി അനുസരിച്ച് കേസ്സ് രജിസ്റ്റർചെയ്തിട്ടുണ്ടോ;

(സി) എന്നാണ് കേസ്സ് രജിസ്റ്റർ ചെയ്തത്;

(ഡി) ഈ കേസ്സിൽ ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ കാരണം എന്ത്;

(എഫ്) പ്രതികളെ തിരിച്ചറിയുന്നതിനും അറസ്റ്റ് ചെയ്യുന്നതിനും നടപടികൾ സ്വീകരിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) യുവജനോത്സവത്തിന്റെ സംഘാടകസമിതി ബാഡ്ജ് കുത്തിയാണ് പ്രതികൾ അക്രമം നടത്തിയത് എങ്കിലും സംഘാടകസമിതിക്കാരെപോലും വിളിച്ച് ചോദ്യം ചെയ്തില്ല എന്ന പരാതി ശരിയാണോ;

(എച്ച്) പ്രതികളെ അറസ്റ്റ് ചെയ്യുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) ഉണ്ട്.

(സി) 20-2-2000ൽ.

(ഡി)&(ഇ) പ്രതികളെ നാളിതുവരെ തിരിച്ചറിഞ്ഞിട്ടില്ലാത്തതിനാൽ അറസ്റ്റ് ചെയ്തിട്ടില്ല.

(എഫ്) ഇല്ല.

(ജി) ശരിയല്ല.

(എച്ച്) പ്രതികളെ കണ്ടെത്തുന്നതിനുള്ള എല്ലാ ശ്രമങ്ങളും നടത്തിവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly